ഉത്തരം

(എ)&(ബി)ടി ഫ്ളാറ്റിന്റെ അലോട്ടിയായ ശ്രീ. അബ്ദുൽ റഹ്മാനുമായി മാത്രമേ ബോർഡിനു ഇടപാടുള്ളു താമസക്കാരനും അലോട്ടിയും തമ്മിലുള്ള എഗ്രിമെന്റിന്റെ വിശദാംശങ്ങൾ സർക്കാരിലോ, ബോർഡിലോ ലഭ്യമല്ല. പ്രസ്തുത ഫ്ളാറ്റ് അനധികൃതമായി വാടകയ്ക്ക് നൽകിയതായി അറിഞ്ഞതിന്റെ വെളിച്ചത്തിൽ 23.2.1999-ൽ അലോട്ട്മെന്റ് റദ്ദ് ചെയ്യാതിരിക്കാനുള്ള കാരണം ബോധിപ്പിക്കാൻ സ്പാർക്ക് ബോർഡ് നോട്ടീസ് അയ്ക്കുകയും അതിന് മറുപടിയായി 10.3.1999-ൽ ശ്രീ. റഹ്മാൻ തന്റെ സുഖമില്ലാതെ കിടക്കുന്ന മാതാവിനെ ചികിത്സിക്കുന്നതിലേക്കായി ശാസ്തമംഗലത്ത് മാറാൻ പ്രേരിതനായി എന്നും അതിനാൽ ടി ഫ്ളാറ്റ് വാടകയ്ക്ക് കൊടുക്കാൻ അനുവാദം നൽകണമെന്ന് ആവശ്യപ്പെടുകയും ഒരു വർഷത്തേക്ക് വാടകയ്ക്ക് നൽകാൻ ബോർഡ് അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

106 (549) കാപ്പെക്സ് അടച്ചു വീട്ടു വാടക

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നന്തൻകോട് പണ്ഡിറ്റ് കോളനിയിലെ ഇ.എഫ്. 116 ഒന്നാം നില ഫ്ളാറ്റിൽ 1996 മുതൽ വാടകയ്ക്ക് താമസിക്കുന്നതാരാണ്;

(ബി) പ്രസ്തുത ഫ്ളാറ്റ് വാടകയ്ക്ക് നൽകാനിടയായ സാഹചര്യങ്ങൾ എന്തെല്ലാം;

(സി) ഫ്ളാറ്റിനുവേണ്ടി കാപ്പെക്സിൽ നിന്നും വാടകയിനത്തിലും അഡ്വാൻസായും അടച്ച തുകയെത്ര;

(ഡി) സർക്കാരിന്റെയോ ഹൗസിംഗ് ബോർഡിന്റെയോ അനുമതി കൂടാതെ ഉത്തരവാദിത്വപ്പെട്ട ഒരു മേലുദ്യോഗസ്ഥൻ ഫ്ളാറ്റിൽ താമസിക്കുകയും കാപ്പെക്സ് മുഴുവൻ വാടക അടയ്ക്കുകയും ചെയ്ത സാഹചര്യങ്ങൾ അന്വേഷിക്കുമോ;

(ഇ) ഈ കാലങ്ങളിൽ എം.ഡി, കാപ്പെക്സിൽ നിന്നും വാങ്ങിയ വീട്ടു വാടക ബത്ത തിരിച്ചടയ്ക്കുന്നതിനു പകരം വീട്ടു വാടകയിനത്തിൽ വാങ്ങിയതുക തിരിച്ചടപ്പിക്കാൻ നടപടി എടുക്കാതിരുന്ന സാഹചര്യങ്ങൾ എന്തെല്ലാം;

(എഫ്) ഇക്കാര്യത്തിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

ഉത്തരം

(എ) 1996 മുതൽ 29.6.1998 വരെ താമസിച്ചിരുന്നത് കാപ്പെക്സിന്റെ മുൻ. എം.ഡി. ശ്രീ. എൽ.കെ. മോഹനൻ ആയിരുന്നു. ഫ്ളാറ്റിന്റെ അലോട്ടിയായ ശ്രീ. അബ്ദുൽ റഹ്മാന്റെ 10.3.1999-ലെ അപേക്ഷ പ്രകാരം ഒരു വർഷത്തേക്ക് ഫ്ളാറ്റ് വാടകയ്ക്ക് നൽകുവാൻ ബോർഡ് അനുവാദം നൽകിയിട്ടുണ്ട്. ഫ്ളാറ്റ് ആർക്കാണ് വാടകയ്ക്ക് നൽകിയിരിക്കുന്നതെന്ന് ബോർഡിനോ സർക്കാരിനോ അറിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഫ്ളാറ്റ് അനധികൃതമായി വാടകയക്ക് നൽകിയതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് അലോട്ടിയായ ശ്രീ. അബ്ദുൽ റഹ്മാന് 23.2.1999-ൽ അലോട്ട്മെന്റ് റദ്ദ് ചെയ്യാതിരിക്കാനുള്ള കാരണം ബോധിപ്പിക്കുവാൻ നോട്ടീസ് അയയ്ക്കുകയും ടിയാന്റെ 10.3.1999-ലെ അപേക്ഷ അനുസരിച്ച് ഒരു വർഷത്തേക്ക് ഫ്ളാറ്റ് വാടകയ്ക്കു നൽകുന്നതിന് ബോർഡ് അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) 18.4.1996-ൽ ഡെപ്പോസിറ്റായി 10,000/-രൂപയും വാടകയിനത്തിൽ 65,000/- രൂപയും അടച്ചിട്ടുണ്ട്. അതിൽ 10,000/-രൂപ തിരികെ നൽകിയിട്ടുണ്ട്.

(ഡി)-(എഫ്) ഈ കാര്യങ്ങൾ ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ അന്വേഷണത്തിലാണ്.

107 (551) അഴുക്ക് ചാലുകൾ സ്ലാബിട്ട് മൂടുന്നതിനാവശ്യമായ നടപടികൾ

<u>ശ്രീ. എം. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച അഴുക്ക് ചാലുകൾ സ്ലാബിട്ട് മൂടുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) സ്ലാബുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനു വേണ്ട എന്തെങ്കിലും സംവിധാനം പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിലവിലുണ്ടോ;

(സി) എങ്കിൽ എന്ത് സംവിധാനമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് നഗരത്തിലെ ഓടകളിലെ ചീത്തയായ കവറിംഗ് സ്ലാബുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. 80% പ്രവൃത്തി പൂർത്തികരിച്ചു. ബാക്കി ഉടനെ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി)&(സി) നാഷണൽ ഹൈവേ വിഭാഗത്തിന്റെ കീഴിൽ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ ഉണ്ട്. കൂടാതെ സ്ലാബുകളുടെ നിർമ്മാണത്തിലും അത് സ്ഥാപിക്കുന്നതിലും നിഷ്കർഷിക്കപ്പെട്ട ഡിസൈൻ അടക്കമുള്ള ഗുണമേന്മ നിർമ്മാണസമയത്ത് തന്നെ ഉറപ്പ് വരുത്തുന്നുമുണ്ട്.

108 (553) നിർമ്മിതി കേന്ദ്രത്തിലെ നിയമനങ്ങൾ

<u>ശ്രീ. മാമ്മൻ മത്തായി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ നിയമനങ്ങൾ നടത്തുന്നത് ഏത് ഏജൻസിയിലൂടെയാണെന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly